(ബി) അവയിൽ എല്ലാം കൂടി എത്ര പുതിയ ടാപ്പുകൾ നൽകിയിട്ടുണ്ട് ;

(സി) അവയ്ക്കെല്ലാം കൂടി എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുഴൻകാട്, മുതല എന്നീ രണ്ട് ഹരിജൻ കോളനികളിൽകൂടി സ്ഥാപിച്ചിട്ടുള്ള ബോർവെല്ലിൽനിന്നും ശുദ്ധജല വിതരണം നടത്തുന്നുണ്ട്.

(ബി) ടാപ്പുകൾ നൽകിയിട്ടില്ല.

(സി) ഏകദേശം 60,000 രൂപ.

മടവൂർ പഞ്ചായത്തിലെ ഹരിജൻ കോളനികളിലെ ശുദ്ധജല വിതരണം

1410 [2132] ശ്രീമതി ഗൗരിഭായി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട മടവൂർ പഞ്ചായത്തിലെ ഏതെല്ലാം ഹരിജൻ കോളനികളിൽ ശുദ്ധജലവിതരണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവിടെ എത്ര പുതിയ ടാപ്പുകൾ നൽകിയിട്ടുണ്ട് ;

(സി) അവയ്ക്കെല്ലാം കൂടി എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കക്കോട്പാറ, വിളക്കാട് ചാലിൽ, കരിമ്പുവിള, വലിയകുന്ന്, നാവട്ടിക്കോണം, വിളക്കാട്, കാഞ്ഞിരംവിള, മാങ്കുഴിയക്കോട്, കാനാമുംപോട് കുഷ്ണുകുന്ന്, അരക്കുവിള, കുന്നംപുറം, മുപ്പോട് എന്നീ ഹരിജൻ കോളനികളിൽ ഹാൻഡ് പമ്പോടുകൂടി സ്ഥാപിച്ചിട്ടുള്ള ബോർവെല്ലിൽ നിന്നും ശുദ്ധജലവിതരണം നടക്കുന്നുണ്ട്.

(ബി) ടാപ്പുകൾ നൽകിയിട്ടില്ല.

(സി) 4.5 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

കിളിമാനൂർ പഞ്ചായത്തിലെ ഹരിജൻ കോളനികളിലെ ശുദ്ധജല വിതരണം

1411. [2133] ശ്രീമതി ഗൗരിഭായി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട കിളിമാനൂർ പഞ്ചായത്തിലെ ഏതെല്ലാം ഹരിജൻ കോളനികളിൽ ശുദ്ധജല വിതരണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly